**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5560** **15-03-2023 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകി വന്നിരുന്ന സ്കോളർഷിപ്പുകൾ തുടർന്നും നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | **സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകൾ സ്കോളർഷിപ്പിന്റെ തുകയിലോ എണ്ണത്തിലോ കുറവുവരാതെ ഈ വർഷവും പൂർണ്ണമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുവരെ 29430 ഓൺലൈൻ സ്കോളർഷിപ്പ് അപേക്ഷകൾ വകുപ്പിന് ലഭിച്ചിട്ടുണ്ട്. ലഭിച്ച അപേക്ഷകൾ പരിശോധിച്ച് സ്കോളർഷിപ്പ് വിതരണം ആരംഭിച്ചിട്ടുണ്ട്. വിദേശ ഉപരി പഠനത്തിനുള്ള സ്കോളർഷിപ്പ് , അസാപ് മുഖേന നൈപുണ്യ വികസനം നൽകുന്ന പദ്ധതി, PG Diploma in GST പഠനത്തിനുള്ള സ്കോളർഷിപ്പ്, UGC/CSIR പരീക്ഷാ പരിശീലനം നൽകുന്നതിനുള്ള പദ്ധതി എന്നീ സ്കോളർഷിപ്പുകളുടെ ഒന്നാം ഘട്ട വിതരണം പൂർത്തീകരിച്ചു കഴിഞ്ഞു. സ്കോളർഷിപ്പ് വിതരണത്തിന് ഉൾപ്പെടെയുള്ള പദ്ധതി ഫണ്ടിൽനിന്നും ഇതുവരെ 2605 ലക്ഷം രൂപ വിനിയോഗിച്ചു കഴിഞ്ഞു. ശേഷിക്കുന്ന സ്കോളർഷിപ്പ് അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടന്നുകൊണ്ടിരിക്കുന്നു. വരും ദിവസങ്ങളിൽ തന്നെ ലഭ്യമായ ഫണ്ട് പൂർണ്ണമായും വിനിയോഗിച്ച് അർഹരായ അപേക്ഷകർക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതും ഈ ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതം 31/03/2023-ന് മുൻപായി പൂർണ്ണമായും വിനിയോഗിക്കുന്നതുമാണ്** |
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്കോളർഷിപ്പുകളിൽ കേന്ദ്ര സർക്കാർ ഏതെല്ലാം സ്കോളർഷിപ്പുകളിലാണ് കുറവ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഒന്ന് മുതൽ പത്തുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ലഭിച്ചുവന്നിരുന്ന പ്രീമെട്രിക് സ്കോളർഷിപ്പും ന്യൂനപക്ഷ ഗവേഷക വിദ്യാർത്ഥികൾക്ക് ലഭിച്ചുവന്നിരുന്ന ആസാദ് ഫെല്ലോഷിപ്പും കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം ഈ വർഷം മുതൽ നിറുത്തൽ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത വിഭാഗത്തിൽ അർഹതപ്പെട്ട എല്ലാവർക്കും സ്കോളർഷിപ്പുകൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന സ്കോളർഷിപ്പുകൾ അനുവദിക്കുന്നതിന് ഓൺലൈനായി അപേക്ഷകൾ ക്ഷണിയ്ക്കുകയും ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് സ്കോളർഷിപ്പ് വിതരണം 31/03/2023-ന് മുമ്പായി പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ